World Space Week 2014

Space: Guiding Your Way

# ലോക ബഹിരാകാശ വാരാഘോഷം സ്കൂളുകളിൽ

ലോക ബഹിരാകാശ വാരാഘോഷത്തിന്റെ ഭാഗമായി ഓക്ടോബർ 4 മുതൽ 10 വരെ നടത്തുന്ന വിവിധ ആഘോഷ പരിപാടികളിൽ ഭാഗഭാക്കാകുവാൻ സംസ്ഥാനത്തെ പ്രൈമറി മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂളുകൾക്ക് അവസരം. **ബഹിരാകാശം നിങ്ങൾക്ക് ഒരു മാർഗ്ഗദർശി** എന്ന ആശയത്തെ ആസ്പദമാക്കി തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേസ് സെന്റർ സംഘടിപ്പിക്കുന്ന വിവിധ ആഘോഷ പരിപാടികളിൽ പങ്കെടുക്കാനാണ് അവസരം. ബഹിരാകാശത്തിന്റെ അനന്ത സാദ്ധ്യതകളെക്കുറിച്ചു വിദ്യാർത്ഥികളെ ബോധവാൻമാരാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി പ്രധാന ആശയത്തെ അടിസ്ഥാനമാക്കി ഉപന്യാസ രചന, കഥാ-കവിതാ രചന, പ്രശ്നോത്തരി, പ്രസംഗം, സംവാദം, ചിത്ര രചന, നാടകം, പോസ്റ്റർ നിർമ്മാണം, റോക്കറ്റിന്റെയും കൃത്രിമ ഉപഗ്രഹങ്ങളുടെയും മാതൃകകൾ നിർമ്മിക്കൽ, ബഹിരാകാശത്തെ ആസ്പദമാക്കിയുള്ള ചിത്രങ്ങളുടെ ശേഖരണവും വിശദീകരണ കുറിപ്പുകൾ തയ്യാറാക്കലും, ഈ വിഷയത്തിൽ വിദഗ്ധരായ വ്യക്തികളുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ, പ്രചരണ ജാഥകൾ സംഘടിപ്പിക്കൽ എന്നിവ ഓരോ സ്കൂളുകളും ചെയ്യണം. സംഘടിപ്പിച്ച പരിപാടികളുടെ വിശദമായ അവലോകന റിപ്പോർട്ട് ഒക്ടോബർ 24 ന് മുൻപായി **Convenor, World Space Week 2014, C/o TTDG, VSSC, Trivandrum – 695 022** എന്ന വിലാസത്തിൽ അയച്ചു കൊടുക്കണം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്ന സ്കൂളുകൾക്ക് പാരിതോഷികം നൽകുന്നതിന് പുറമേ വി.എസ്സ്.എസ്സ്.സി. സന്ദർശിക്കാനും റോക്കറ്റ് വിക്ഷേപണം വീക്ഷിക്കാനുമുള്ള അവസരവും ലഭിക്കുന്നതാണ്. കൂടാതെ സ്കൂൾ തലത്തിൽ I, II, III സ്ഥാനങ്ങൾ നേടുന്നവർക്ക് സർട്ടിഫിക്കറ്റുകൾ അയച്ചു കൊടുക്കുന്നതായിരിക്കും. വിശദ വിവരങ്ങൾക്ക് താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

Website:- wsw.vssc.gov.in
Email:- wsw@vssc.gov.in
Phone:- 0471-256 38 84, 256 31 22, 256 21 67, 256 56 95